## പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.1932 — 04/05/2017-ൽ മറുപടിക്ക്

### കേന്ദ്ര പൂളിൽ നിന്നും സംസ്ഥാനം ആവശ്യപ്പെട്ട വൈദ്യുതി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.എ. എൻ. ഷംസീർ | | ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
| (എ) | കേന്ദ്ര പൂളിൽ നിന്നും സംസ്ഥാനം ആവശ്യപ്പെട്ട വൈദ്യുതി ലഭ്യമാകുന്നുണ്ടോ; ഇതിന് വേണ്ടി എന്തെല്ലാം കാര്യങ്ങളാണ് സർക്കാർ ചെയ്തിട്ടുള്ളത്; | (എ) | കേന്ദ്രപൂളിൽ നിന്നും സംസ്ഥാനത്തിന് ഓരോ കേന്ദ്രവൈദ്യുത നിലയങ്ങളിൽ നിന്നും അനുവദിച്ചിട്ടുള്ള വിഹിതം, ജനറേറ്ററുകളുടെ ലഭ്യതയനുസരിച്ച് ലഭിക്കുന്നുണ്ട്. |
| (ബി) | സംസ്ഥാനത്ത് ഇപ്പോഴുണ്ടായ വൈദ്യുത ചാർജ്ജ് വർദ്ധനവിന്റെ കാരണമെന്തെന്ന് വ്യക്തമാക്കാമോ? | (ബി) | വൈദ്യുതി നിയമം 2003 -ലെ 45,62,86 എന്നീ വകുപ്പുകൾ പ്രകാരം സംസ്ഥാനങ്ങളിലെ വൈദ്യുതി താരിഫ് നിർണ്ണയിക്കുന്നതിനുള്ള അധികാരം അതാതു സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനുകളിൽ നിക്ഷിപ്തമാണ്. ഇതിന്റെ അടിസ്ഥാനത്തിലും ബഹുമാനപ്പെട്ട അപ്പലേറ്റ് ട്രൈബ്യൂണൽ ഫോർ ഇലക്ട്രിസിറ്റി (APTEL)-ന്റെ 11.11.2011 ഉത്തരവു പ്രകാരവും കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ സ്വമേധയാ സ്വീകരിച്ച നടപടി ക്രമങ്ങളുടെ ഭാഗമായി 17.04.2017 -ലെ ഉത്തരവിലൂടെ 18.04.2017 മുതൽ സംസ്ഥാനത്തെ താരിഫ് പരിഷ്കരിച്ചു കൊണ്ട് ഉത്തരവ് ഇറക്കിയിട്ടുണ്ട്. വൈദ്യുതി നിയമം 2003-ലെ 61-ാം വകുപ്പ് പ്രകാരം സംസ്ഥാനത്ത് വൈദ്യുതി മേഖലയിൽ പ്രവർത്തിക്കുന്ന ബിസിനസ് യൂണിറ്റുകളുടെ വരവു ചെലവു കണക്കുകൾ തയ്യാറാക്കുന്നതിനും കമ്മീഷൻ മുമ്പാകെ സമർപ്പിക്കുന്നതിനുള്ള ചട്ടങ്ങൾ (താരിഫ് റെഗുലേഷൻസ്-2014) KSERC പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ഈ ചട്ടങ്ങളിലെ Norms-ന്റെ |

| | | |
|---|---|---|
| | | അടിസ്ഥാനത്തിൽ വരവ്വ ചെലവ്വ കണക്കുകൾ തയ്യാറാക്കിയാൽ ബോർഡിന്റെ സാമ്പത്തിക ഭദ്രതയെ തന്നെ ദോഷകരമായി ബാധിക്കു മെന്നതിനാൽ ടി ചട്ടങ്ങൾക്കെതിരെ ബഹുമാനപ്പെട്ട ഹൈക്കോടതിയെ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് സമീപിക്കുകയുണ്ടായി. ബഹുമാനപ്പെട്ട ഹൈക്കോടതി ഇടക്കാല ഉത്തരവിന്റെ അടിസ്ഥാനത്തിൽ 2015-16 വർഷത്തേയ്ക്കുള്ള പ്രതീക്ഷിത വരവ്വ ചെലവ്വ കണക്കുകളെ സംബന്ധിക്കുന്ന പെറ്റീഷൻ (ARR& ERC പെറ്റീഷൻ)' സമർപ്പിച്ചുവെങ്കിലും കമ്മീഷൻ അതിന്മേൽ അനിവാര്യമായ തുടർ നടപടികൾ സ്വീകരിച്ചില്ല. ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ കേസ് നിലനിൽക്കുന്ന സാഹചര്യത്തിലും, സമർപ്പിച്ച ARR&ERC പെറ്റീഷനിൽ തുടർ നടപടികൾ സ്വീകരിക്കാത്തതിനാലും തുടർന്നുള്ള വർഷങ്ങളിലെ ARR&ERC പെറ്റീഷൻ (2016-17 - 2017-18) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് സമർപ്പിച്ചിരുന്നില്ല. മേൽ സൂചിപ്പിച്ച സാഹചര്യത്തിലും ബഹുമാനപ്പെട്ട അപ്പലേറ്റ് ട്രൈബ്യൂണലിന്റെ 11.11.2011-ലെ വിധിയുടെ അടിസ്ഥാനത്തിലും സംസ്ഥാന റഗുലേറ്ററി കമ്മീഷൻ സ്വമേധയാ ഉള്ള നടപടി ക്രമങ്ങളുടെ ഭാഗമായി 17.04.2017-ലെ ഉത്തരവ് പ്രകാരം 2016-17, 2017-18 വർഷത്തേക്കുള്ള പ്രതീക്ഷിത വരവ്വ ചെലവ്വ കണക്കുകളെ സംബന്ധിച്ച ഉത്തരവിറക്കുകയും 2017-18 സാമ്പത്തിക വർഷത്തേയ്ക്കുള്ള താരിഫ് പരിഷ്കരണ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു.<br><br>ടി ഉത്തരവ്വ പ്രകാരം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിനും 2016-17 സാമ്പത്തിക |

(....3)

| | | | |
|---|---|---|---|
| | | | വർഷത്തിൽ 400.12 കോടി രൂപയുടെ വരുമാനകമ്മിയും 2017-18-ൽ 490.92 കോടി രൂപയുടെ ലാഭവും ഉണ്ടാകുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. എന്നാൽ C&AG ആഡിറ്റ് ചെയ്ത കണക്കുകളുടെ അടിസ്ഥാനത്തിലും നിലവിലുള്ള ചട്ടങ്ങൾ പ്രകാരവും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന് കമ്മീഷൻ സമർപ്പിച്ചിട്ടുള്ള True-up പെറ്റീഷൻ മേൽ കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവു പ്രകാരം 2012-13 സാമ്പത്തിക വർഷം വരെ True-up പ്രകാരമുള്ള വരുമാനകമ്മി 4944 കോടി രൂപയാണ്. (എന്നാൽ കെ.എസ്.ഇ.ബി.ലിമിറ്റഡിന്റെ കണക്കുപ്രകാരം ഇത് 7171.50 കോടി രൂപയാണ്). ടി നഷ്ടം മുഴുവൻ താരിഫ് വർദ്ധനവിലൂടെ നികത്തുകയാണെങ്കിൽ ഉപഭോക്താക്കൾക്ക് താരിഫ് ഷോക്കിന് കാരണമായി തീരുമെന്നുള്ളതിനാൽ മേൽ സൂചിപ്പിച്ച വരുമാന കമ്മിയുടെ ഒരുഭാഗം മാത്രം (1040.92 കോടി രൂപ) 2017-18-ൽ നികത്തുവാൻ കമ്മീഷൻ തീരുമാനിച്ചിട്ടുള്ളത്.<br><br>ടി തുകയിൽ നിന്ന് 2017-18 സാമ്പത്തിക വർഷത്തിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിനു ഉണ്ടാകുമെന്ന് കമ്മീഷൻ നിജപ്പെടുത്തിയിട്ടുള്ള (സ്വമേധയാ ഉള്ള നടപടി ക്രമങ്ങളുടെ ഭാഗമായി) 490.92 കോടി രൂപയുടെ ലാഭം തട്ടികിഴിച്ചതിനു ശേഷം ബാക്കിയുള്ള 550 കോടി രൂപ മാത്രം താരിഫ് വർദ്ധനവിലൂടെ ഈടാക്കാനുള്ള ഉത്തരവാണ് റഗുലേറ്ററി കമ്മീഷൻ നൽകിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ